## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.3731 19.02.2013-ൽ മറുപടിയ്ക്ക്

### പേപ്പാറ അണക്കെട്ടിന്റെ ഉയരം കൂട്ടാൻ വന്യജീവി ബോർഡിന്റെ ശുപാർശ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പേപ്പാറ അണക്കെട്ടിന്റെ ഉയരം മൂന്ന് മീറ്ററായി ഉയർത്താനും, അതിനു ബദലായി ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുത്ത് വനം വകുപ്പിനു കൈമാറാനും സംസ്ഥാന വന്യജീവി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ; | (എ) ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ തീരുമാനം എന്താണെന്ന് അറിയിക്കുമോ ? | (ബി) 03.01.2013-ൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് പേപ്പാറ ജലാശയത്തിന്റെ ജലനിരപ്പ് താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി 3 മീറ്റർ കൂടി ഉയർത്തുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.<br>1. 1400 ഏക്കർ വിസ്തീർണ്ണമുള്ള ബോണക്കാട് എസ്റ്റേറ്റ് ഏറ്റെടുത്ത് വന്യജീവി സങ്കേതത്തോട് ചേർക്കുക.<br>2. ചെമ്മാൻകാല എന്ന സ്ഥലത്തുള്ള 60,000 ക്യൂബിക് മീറ്റർ വരുന്ന മണൽ ശേഖരിച്ച് നീക്കം ചെയ്യാൻ വന സംരക്ഷണ നിയമ പ്രകാരമുള്ള കേന്ദ്രാനുമതി വാങ്ങി നടപടികൾ കൈക്കൊള്ളുക.<br>3. വിതുര-പേപ്പാറ റോഡ് അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തി ടാർ ചെയ്യുക.<br>4. പൊടിയകാല സെറ്റിൽമെന്റിലെ ആദിവാസികൾക്ക് ജലവിതാനം ഉയരുമ്പോൾ നഷ്ടപ്പെടുന്ന ഭൂമി സംബന്ധിച്ച പരാതി വനാവകാശ നിയമ പ്രകാരം പരിഹരിക്കുക.<br>5. പൊടിയകാല സെറ്റിൽമെന്റിലെ ആദിവാസികൾക്ക് ബസ് സർവ്വീസ് അനുവദിച്ച് അവരുടെ യാത്രാ ക്ലേശം പരിഹരിക്കുക. |

6. പേപ്പാറ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഇക്കോ ടൂറിസം പദ്ധതികൾക്കായി വിട്ടു നൽകുക.
7. ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും, നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും ഒരു സമഗ്ര പദ്ധതി നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ